ഞങ്ങൾ അതിന്റെ സ്ഥിതിഗതികൾ വിലയിരുത്തുകയും ഈ വീടുകൾക്കെല്ലാം മെയിന്റനൻസിനുവേണ്ടി എത്ര തുക വേണ്ടി വരുമെന്ന് കണക്കാക്കി റിപ്പോർട്ട് തരണമെന്ന് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ റിപ്പോർട്ട് അടുത്ത ദിവസം തന്നെ നമുക്ക് ലഭിക്കും. എം.എൽ.എ കൂടി അതിൽ ബന്ധപ്പെട്ട് ആ റിപ്പോർട്ട് എത്രയും വേഗം ഗവൺമെന്റിലേയ്ക്ക് എത്തിച്ചാൽ ഇപ്പോൾ അപകടം ഇല്ലാത്ത സ്ഥിതിയിൽ, മെയിന്റനൻസ് നടത്താനുള്ള തുക അടുത്ത ആഴ്ച തന്നെ അനുവദിക്കുന്നതാണ്.

(9) അഴീക്കൽ തുറമുഖ വികസനം

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ</u>: സർ, വടക്കേ മലബാറിലുള്ള, വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്ന ഒരു തുറമുഖമാണ് അഴീക്കൽ തുറമുഖം. അഴീക്കൽ തുറമുഖത്തിന്റെ വികസന കാര്യത്തിൽ ഈ ഗവൺമെന്റ് വന്നതിനുശേഷം വളരെ കാര്യമായ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. ഒരു പാട് വികസന പ്രവർത്തനങ്ങൾ അവിടെ നടന്നുകൊണ്ടിരിക്കുകയാണ്. അവിടെ നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വേണ്ടത്ര ഇടപെടലുണ്ടാകുന്നില്ല. മാത്രമല്ല, ചില ഉദ്യോഗസ്ഥർ ഈ തുറമുഖത്തിന്റെ വികസനത്തെ ബോധപൂർവ്വം തടയുന്നതിന് വേണ്ടിയുള്ള ഇടപെടലുകളുൾപ്പെടെ നടത്തിക്കൊണ്ടിരിക്കുന്നുണ്ട്. അതുസംബന്ധിച്ച ആക്ഷേപം ഞാൻ തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇതിന്റെ ഒരു വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ഡിലോയിറ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡിനെ ഏർപ്പെടുത്തുകയും ഏതാണ്ട് ഒരു വർഷക്കാലം മുൻപ് ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് അവർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി തന്നെ ഇതിന്റെ യോഗത്തിൽ പങ്കെടുക്കുകയുണ്ടായി. അടിയന്തരമായി ഇത് പി.പി.പി അടിസ്ഥാനത്തിൽ വികസിപ്പിക്കാൻ സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. എത്രയും വേഗം ഇതിന്റെ ഗ്ലോബൽ ടെണ്ടർ വിളിക്കുമെന്നുള്ള കാര്യം പറഞ്ഞിട്ടുള്ളതാണ്. അതുപോലെ തന്നെ ഇവിടെ കാർഗോ ഷിപ്പ് പത്ത് കൊല്ലക്കാലം മുൻപ് വന്നിരുന്നതാണ്. അത് കൊണ്ടുവരുന്നതിനുവേണ്ടി നേരത്തെ ലക്ഷദ്വീപുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ആ ചർച്ചകൾ പൂർത്തീകരിച്ച് അടിയന്തരമായി ഇത് കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഇവിടെ കാർഗോ കൊണ്ടുവരുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനും സ്ഥായിയായ വികസനത്തിന് പറ്റാവുന്ന രൂപത്തിലുള്ള ഗ്ലോബൽ ടെണ്ടർ അടിയന്തരമായി വിളിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ വിനയപുരസ്സരം അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം) : സർ. ഉത്തര മലബാറിലെ പഴയകാല ചെറുകിട തുറമുഖമായിരുന്ന അഴീക്കൽ തുറമുഖത്തിന്റെ വികസന സാദ്ധ്യത പരിശോധിച്ച് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് അഴീക്കൽ തുറമുഖത്തെ ഒരു പ്രധാന തുറമുഖമായി വികസിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ തുറമുഖ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. അഴീക്കൽ തുറമുഖത്ത് നിലവിലുള്ള 37 മീറ്റർ വാർഫിന് പുറമെ 226 മീറ്റർ നീളത്തിലുള്ള പുതിയ വാർഫിന്റെ നിർമ്മാണവും പൂർത്തിയായി വരികയാണ്. അഴിമുഖം മുതൽ നാല് കിലോമീറ്റർ ഉള്ളിലുള്ള വാർഫ് വരെ ക്യാപിറ്റൽ ഡ്രെഡ്ജിംഗ് നടത്തിയാൽ മാത്രമേ അഴീക്കൽ തുറമുഖം വഴി വലിയ കപ്പലുകൾക്ക് ചരക്ക് ഗതാഗതം സുഗമമായി നടത്താൻ സാധിക്കുകയുള്ളു. ഇക്കാര്യം പരിഗണിച്ചാണ് സ്വകാര്യ പങ്കാളിത്തത്തോടെ അഴീക്കൽ തുറമുഖം വികസിപ്പിക്കാൻ സർക്കാർ തീരുമാനമെടുത്തത്. സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഡിലോയിറ്റ് ഇൻഡ്യാ പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ 25-7-2010-ൽ കൺസൾട്ടന്റായി നിയമിച്ചു. അവർ സമർപ്പിച്ച വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനുള്ള ഗ്ലോബൽ ടെണ്ടർ, ഇ-ടെണ്ടർ സോഫ്റ്റ്വെയർ മുഖേന ഓൺലൈൻ വഴി 2010 ജൂലായ് 27-ന് പ്രസിദ്ധീകരിക്കും. തുറമുഖ മേഖലയിൽ നടക്കുന്ന ആദ്യത്തെ ഇ-ടെണ്ടറാണ് ഇത്. ഇതിന്റെ എസ്റ്റിമേറ്റ് 4500 കോടി രൂപയാണ്. ചീമേനിയിൽ തുടങ്ങുന്ന തെർമൽ പവർ പ്ലാന്റിന് ആവശ്യമായ കൽക്കരി കൊണ്ടുവരുന്നതിനുള്ള പ്രത്യേക ടെർമിനൽ, ജനറൽ കാർഗോയ്ക്ക് പുറമെ നിർമ്മാണ മേഖലയിൽ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള പ്രത്യേക സിമെന്റ് ടെർമിനലും ഈ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. തുറമുഖത്ത് റോഡ്, റെയിൽ ബന്ധം സ്ഥാപിക്കുന്നതിനും തുറമുഖ വികസനത്തിനാവശ്യമായ സ്ഥലം ലാന്റ് അക്വിസിഷൻ വഴി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്. അഞ്ച് കോടി രൂപ വിലയുള്ള ആധുനിക മൊബൈൽ റേഞ്ച് സൗകര്യം ഇപ്പോൾ ലഭ്യമാക്കിയിട്ടുണ്ട്. ഈ വർഷം ആരംഭിക്കുന്ന കോസ്റ്റൽ ഷിപ്പിംഗിൽ അഴീക്കൽ തുറമുഖം പ്രധാന പങ്ക് വഹിക്കുന്നു. അഴീക്കൽ തുറമുഖം പ്രവർത്തനസജ്ജമാകുന്നതോടുകൂടി വടക്കൻ കേരളത്തിന്റെ ചരക്ക് ഗതാഗത ആവശ്യങ്ങളും ലക്ഷദ്വീപ് ഉൾപ്പെടെ വടക്കൻ ദ്വീപുകളിലേയ്ക്കുള്ള ചരക്ക് ഗതാഗത ആവശ്യങ്ങളും അഴീക്കൽ പോർട്ടിലൂടെ നിറവേറ്റാൻ കഴിയുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly